**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **07-06-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം ചാത്തന്നൂരിൽ പുതിയ അഗ്നിരക്ഷാനിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ അഗ്നിരക്ഷാനിലയങ്ങൾ ആരംഭിക്കുന്നതിനായി ഫയർ&റെസ്ക്യൂ വകുപ്പ് സമർപ്പിച്ചിട്ടുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. ലിസ്റ്റ് സർക്കാർ പരിശോധിച്ച് 18-02-2021-ലെ സ.ഉ.(എം.എസ്) നം.51/ 2021/ആഭ്യന്തരം പ്രകാരം അനിവാര്യത ബോധ്യപ്പെട്ട താനൂർ, കോങ്ങാട്, കല്ലമ്പലം, കൊല്ലങ്കോട്, പട്ടാമ്പി എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിച്ചും; വൈത്തിരി, ആറൻമുള, നേര്യമംഗലം, മാവൂർ, ചീമേനി, പാലോട്, പനമരം, രാജാക്കാട്, ഉള്ളൂർ എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | അനിവാര്യമായ സ്ഥലങ്ങളിൽ അഗ്നിരക്ഷാനിലയങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാനസർക്കാരിന്റെ നിലപാട് വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. ലിസ്റ്റ് സർക്കാർ പരിശോധിച്ച് 18-02-2021-ലെ സ.ഉ.(എം.എസ്) നം.51/ 2021/ആഭ്യന്തരം പ്രകാരം അനിവാര്യത ബോധ്യപ്പെട്ട താനൂർ, കോങ്ങാട്, കല്ലമ്പലം, കൊല്ലങ്കോട്, പട്ടാമ്പി എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിച്ചും; വൈത്തിരി, ആറൻമുള, നേര്യമംഗലം, മാവൂർ, ചീമേനി, പാലോട്, പനമരം, രാജാക്കാട്, ഉള്ളൂർ എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിട്ടുള്ളതാണ്. |
| (സി) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെൻറ് സ്ഥലം (കൊല്ലം താലൂക്ക്, മീനാട് വില്ലേജ്, സർവ്വേ നമ്പർ 91/14) നിർദിഷ്ട ചാത്തന്നൂർ ഫയർ സ്റ്റേഷനുവേണ്ടി ഫയർ&റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25.1.2019ൽ ജനപ്രതിനിധി നൽകിയ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | പരവൂർ അഗ്നിരക്ഷാനിലയത്തിനായി പുതുതായി അനുവദിച്ച സ്ഥലത്തു നിന്നും 8 കി.മീ. അകലെയാണ് ചാത്തന്നൂർ ടൗൺ സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ചാത്തന്നൂരിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം താൽക്കാലം സർക്കാരിന്റെ പരിഗണനയിൽ ഇല്ലെന്ന വിവരം 10-01-2020ലെ എഫ്2/80/2019/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ബഹു.എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ | (ഡി) | ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷന്റെ ആവശ്യകത |

| | | | |
|---|---|---|---|
| | അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് നിലവിലുള്ള തടസങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനം നടത്തിയതിൽ, ടി സ്ഥലം പറവൂർ, കല്ലമ്പലം, കൊല്ലം സ്റ്റേഷനുകളിൽ നിന്നും യഥാക്രമം 9കി.മീ., 14കി.മീ., 14കി.മീ. മാത്രം അകലെയാണ് എന്നതിനാൽ ടി സ്ഥലത്ത് ഒരു ഫയർ സ്റ്റേഷൻ തൽക്കാലം ആരംഭിക്കേണ്ടതില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



File No. HOME-F2/144/2019-HOME (Computer No. 1185510)
Receipt No: 3477851/2019/HOME(OS)

ഡയറക്ടർ ജനറലിന്റെ കാര്യാലയം,
ഫയർ ആന്റ് റെസ്ക്യു സർവ്വീസസ്
ഹോം ഗാർഡ്സ് & സിവിൽ ഡിഫൻസ് ആസ്ഥാനം,
ഫയർഫോഴ്സ് ജംഗ്ഷൻ,
തിരുവനന്തപുരം-1.
Phone:0471-2320872.
Email-hq.frs@kerala.gov.in

നമ്പർ:എഫ്.1-16553/2016.

തീയതി : 03.05.2019.

പ്രേഷകൻ,
ഡയറക്ടർ ജനറൽ,
ഫയർ ആന്റ് റെസ്ക്യു സർവ്വീസസ്.

സ്വീകർത്താവ്,
അഡീഷണൽ ചീഫ് സെക്രട്ടറി,
ആഭ്യന്തരം (എഫ്) വകുപ്പ്,
കേരള സർക്കാർ,
തിരുവനന്തപുരം.

സർ,

വിഷയം: കേരള ഫയർ ആന്റ് റെസ്ക്യു സർവ്വീസസ് ആസ്ഥാനം - പുതിയ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാപട്ടിക തയ്യാറാക്കിയത് അംഗീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.11.2017ൽ അഗ്നിരക്ഷാ സേവന വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നടത്തിയ യോഗത്തിന്റെ മിനിട്സ്.

............

സൂചനയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

പുതിയ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പിൽ വിശദമായ വിലയിരുത്തൽ നടത്തിയതിൽ മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് തയ്യാറാക്കി 31 സ്ഥലങ്ങളുടെ മുൻഗനാപട്ടിക ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

1) തൊണ്ടർനാട് (വയനാട്)
2) വൈത്തിരി (വയനാട്)
3) പുൽപ്പള്ളി (വയനാട്)
4) വണ്ണപ്പുറം (ഇടുക്കി)
5) പന്തളം (പത്തനംതിട്ട)
6) ആറൻമുള (പത്തനംതിട്ട)
7) കോഴഞ്ചേരി (പത്തനംതിട്ട)
8) ബദിയടുക്ക (കാസർഗോഡ്)
9) കല്ലമ്പലം (തിരുവനന്തപുരം)

....2)

10) നേര്യമംഗലം (എറണാകുളം)
11) കടയ്ക്കാവൂർ (തിരുവനന്തപുരം)
12) കൊല്ലങ്കോട് (പാലക്കാട്)
13) മാവൂർ (കോഴിക്കോട്)
14) കൊണ്ടോട്ടി (മലപ്പുറം)
15) വളാഞ്ചേരി (മലപ്പുറം)
16) മണലൂർ (തൃശ്ശൂർ)
17) ഓയൂർ (കൊല്ലം)
18) കുളത്തൂപ്പുഴ (കൊല്ലം)
19) എരുമേലി (കോട്ടയം)
20) ഏറ്റുമാനൂർ (കോട്ടയം)
21) പട്ടാമ്പി (പാലക്കാട്)
22) ചേളന്നൂർ (കോഴിക്കോട്)
23) ചീമേനി (കാസർഗോഡ്)
24) തേഞ്ഞിപ്പാലം (മലപ്പുറം)
25) അട്ടപ്പാടി (പാലക്കാട്)
26) തൃത്താല (പാലക്കാട്)
27) കാലടി (എറണാകുളം)
28) പുതുപ്പാടി (കോഴിക്കോട്)
29) പാലോട് (തിരുവനന്തപുരം)
30) ഒറ്റപ്പാലം (പാലക്കാട്)
31) കുമരകം (കോട്ടയം)

വിശ്വസ്തതയോടെ,

(ഒപ്പ്)
എ.ഹേമചന്ദ്രൻ, ഐ.പി.എസ്.
ഡയറക്ടർ ജനറൽ.

അംഗീകാരത്തോടെ,

ഡയറക്ടർ (ടെക്നിക്കൽ)

സെക്ഷൻ ഓഫീസർ

4.6/5.